# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

പ്രത്യാശ പകരുന്ന ഒരു പുതുവത്സരം കൂടി സമാഗതമായിരിക്കുന്നു. 2025 മ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷമായതിനാൽ ഇതു നമ്മിൽ ഏറെ പ്രതീക്ഷയുണർത്തുന്നുണ്ട്. ജൂബിലിയുടെ ഭാഗമായി അതിരൂപതയുടെ പ്രവർത്തനങ്ങളോടുചേർന്നു പല കർമപദ്ധതികളും നടപ്പിൽവരുത്തേണ്ട താണ്. നീതിസൂര്യനായ ഈശോമ്ശിഹായുടെ പ്രകാശം, ലോകാതിർത്തിയോളം എത്തിക്കാനുള്ള ദൗത്യം തിരുസഭയിലൂടെ നമുക്ക് ഓരോരുത്തർക്കുമുണ്ട്. ലോക ത്തിന്റെ പ്രകാശമായ മ്ശിഹാ അനേകർക്കു കരുതലും പ്രത്യാശയും പകർന്നു നൽകുന്ന ഉപകരണങ്ങളായി നമ്മെയെല്ലാം രൂപാന്തരപ്പെടുത്തട്ടെയെന്നു പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജനുവരി**

01 ബുധൻ : പുതുവത്സരം
03 വെള്ളി : മാർ കുര്യാക്കോസ് ഏലിയാസ് ചാവറ
04 ശനി : സി.എൽ.റ്റി. ക്ലാസ്സ്
05 ഞായർ : ദനഹാക്കാലം ഒന്നാം ഞായർ ക്ലാസ്സ്- 32
06 തിങ്കൾ : **ദനഹാതിരുനാൾ** (കടമുള്ള ദിവസം)
11 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **മതാധ്യാപകസെമിനാർ**: **തുരുത്തി, ചങ്ങനാശ്ശേരി ഫൊറോനകൾ**
12 ഞായർ : ദനഹാക്കാലം രണ്ടാം ഞായർ ക്ലാസ്സ്- 33
18 ശനി : സി.എൽ.റ്റി. ക്ലാസ്സ്
19 ഞായർ : ദനഹാക്കാലം മൂന്നാം ഞായർ ക്ലാസ്സ്- 34
25 ശനി : **മതാധ്യാപകനേതൃസംഗമം**
26 ഞായർ : ദനഹാക്കാലം നാലാം ഞായർ ക്ലാസ്സ്- 35

**ഫെബ്രുവരി**

01 ശനി : സി.എൽ.റ്റി. ക്ലാസ്സ്
02 ഞായർ : ദനഹാക്കാലം അഞ്ചാം ഞായർ ക്ലാസ്സ്- 36
**സൺഡേസ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ**
03 തിങ്കൾ : രണ്ടാം ടേം വാചികപരീക്ഷാരംഭം (10, 11, 12 ക്ലാസ്സുകൾ)
08 ശനി : സി.എൽ.റ്റി. ക്ലാസ്സ്
09 ഞായർ : ദനഹാക്കാലം ആറാം ഞായർ ക്ലാസ്സ്- 37

### മതാധ്യാപകസെമിനാർ

*വിശ്വാസപരിശീലനം ഇന്ന്* എന്ന വിഷയത്തെ ആസ്പദമാക്കി ഫൊറോനാതലത്തിലുള്ള അർധദിനസെമിനാർ ജനുവരിയിൽ സമാപിക്കുകയാണ്.

| | | | |
|---|---|---|---|
| ജനുവരി 11 | രാവിലെ 9.30 | തുരുത്തി | **ഫൊറോന** |
| | ഉച്ചകഴിഞ്ഞ് 2 | ചങ്ങനാശ്ശേരി | |

ഇതുവരെ സെമിനാറിൽ സംബന്ധിക്കാത്ത വിശ്വാസപരിശീലകർ നിർബന്ധമായി ഇതിൽ പങ്കെടുക്കേണ്ടതാണ്.

### സി.ആർ.റ്റി. വിസിറ്റ്

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേസ്കൂൾ സന്ദർശനങ്ങൾ ജനുവരി മധ്യത്തോടെ പൂർത്തീകരിക്കാൻ സഹകരിക്കുമല്ലോ. *സൺഡേസ്കൂൾ പ്രൈമറി ഡേറ്റ* പൂരിപ്പിച്ചു സന്ദർശനവേളയിൽ ടീം ലീഡറെ ഏല്പിക്കേണ്ടതാണ്. തയ്യാറാക്കിയ റിപ്പോർട്ടുകൾ **ജനുവരി പതിനഞ്ചിനകം** സന്ദേശനിലയത്തിൽ ഏല്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### അതിരൂപതാമതാധ്യാപകനേതൃസംഗമം

അതിരൂപതാതലത്തിലുള്ള മതാധ്യാപകനേതൃസംഗമം **ജനുവരി 25** രാവിലെ ഒമ്പതിനു രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് ഉച്ചയ്ക്ക് 1.30 വരെ അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. മതാധ്യാപനമേഖലയിൽ 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്നതും അതിരൂപതാ ബൈബിൾ കലോത്സവമത്സരങ്ങളിൽ വിജയികളായ മതാധ്യാപകർ, അതിരൂപതാതല എസ്.എം.സി.സി. പ്രതിഭാ അവാർഡ് ജേതാക്കൾ എന്നിവർക്കു സമ്മാനം നൽകുന്നതുമാണ്. ഫൊറോനാ സെക്രട്ടറിമാർ, എ.സി.സി.-സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറി/ഓഫീസ് സെക്രട്ടറി എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്.

### സൺഡേസ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ

സൺഡേസ്കൂളിലെ രണ്ടാം ടേം എഴുത്തുപരീക്ഷ **ഫെബ്രുവരി രണ്ടിന്** 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞുമായി നടത്തപ്പെടുന്നതാണ്. 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കു തുടർന്നുവരുന്ന 2 ഞായറാഴ്ചയ്ക്കുള്ളിൽ നമസ്കാരങ്ങൾക്കൊപ്പം പാഠപുസ്തകവും അടിസ്ഥാനമാക്കി വാചികപരീക്ഷ നടത്തേണ്ടതാണ് *(വിവരങ്ങൾ: മതബോധനകലണ്ടർ പേജ് 21)*. പരീക്ഷാദിനത്തിൽ കുട്ടികളുടെ പരിശുദ്ധ കുർബാനയിലെ പങ്കാളിത്തം അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

### കുട്ടികളുടെ തുടർപരിശീലനം

10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ബഹു. വികാരിയച്ചന്റെ അനുമതിയോടെ, പരീക്ഷയ്ക്കുശേഷമുള്ള ഞായറാഴ്ചകളിൽ മുതിർന്നവരുൾപ്പെടുന്ന ഇടവകസമൂഹത്തിനുള്ള പരിശുദ്ധ കുർബാന

യിൽ പങ്കെടുക്കാൻ അവസരമൊരുക്കുന്നത് ഉചിതമാണ്. കുട്ടികൾക്കൊപ്പം വിശ്വാസപരിശീലകരുടെ സാന്നിധ്യം ഉണ്ടായിരിക്കേണ്ടതാണ്. വിശ്വാസോത്സവം ആരംഭിക്കുന്നതുവരെ ഞായറാഴ്ചകളിൽ പരിശുദ്ധ കുർബാനയ്ക്കുശേഷം കുട്ടികളെ ഒരുമിച്ചുചേർത്തു ഹാജർ രേഖപ്പെടുത്തേണ്ടതും അല്പസമയം ചർച്ചകൾക്കായി വിനിയോഗിക്കേണ്ടതുമാണ്. ഈ വിവരം കുട്ടികളെ മുൻകൂട്ടി അറിയിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ *(വിവരങ്ങൾ: മത ബോധനകലണ്ടർ പേജ് 22).*

**ജൂബിലിവർഷാചരണം**

നമ്മുടെ കർത്താവിന്റെ തിരുപ്പിറവിയുടെ ജൂബിലിയോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി സന്ദേശനിലയവും മിഷൻലീഗും ഒന്നിച്ചുചേർന്നു നൽകുന്ന പ്രവർത്തനങ്ങൾ ഇടവകകളിൽ പ്രോത്സാഹിപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ അറിയാനായി മിഷൻലീഗിന്റെ വാർത്താപേജുകൾ കാണുക.

**ആദരാഞ്ജലികൾ**

സൺഡേസ്കൂൾ മുൻ ഫൊറോനാസെക്രട്ടറി സി. അനില ആര്യങ്കാല എസ്.എ.ബി.എസ്.ന്റെയും വെരൂർ സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്ററും അതിരൂപതാ സി.ആർ.റ്റി. അംഗവുമായ ജോബി പി. സി. പ്രാക്കുഴിയുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞുമിഷനറിമാരേ,

പുതുവർഷത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. 2024ൽ നമുക്കു ലഭിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും ദൈവത്തിനു നന്ദിയർപ്പിക്കാം. പുത്തൻ പ്രതീക്ഷയോടും തീരുമാനങ്ങളോടുംകൂടി ഈ വർഷത്തെ എതിരേൽക്കാം. ഈശോയുടെ ജനനത്തിന്റെ ജൂബിലിയാഘോഷിക്കുന്ന 2025ൽ കുടുംബത്തോടും സമൂഹത്തോടും കൂടുതൽ പ്രതിബദ്ധതയുള്ളവരായിത്തീരാം. നമ്മെത്തന്നെ നവീകരിക്കുന്നതിന്റെ ഭാഗമായി ജൂബിലിവർഷത്തിൽ സൺഡേ സ്കൂളും മിഷൻലീഗും ചേർന്നൊരുക്കുന്ന പരിപാടികളിൽ ആത്മാർഥമായി പങ്കുചേരാം. ജനുവരിയിൽ നടത്തപ്പെടുന്ന മിഷൻ എലൈവ്, എക്ലേസിയ ക്വിസ് എന്നീ മത്സരങ്ങളിൽ പങ്കെടുക്കാം. എല്ലാവർക്കും ദനഹാതിരുനാളിന്റെ ആശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജനുവരി**

03 വെള്ളി : മാർ കുര്യാക്കോസ് ഏലിയാസ് ചാവറ, സന്യസ്തർക്കുവേണ്ടി പ്രാർഥിക്കാം

06 തിങ്കൾ : **ദനഹാതിരുനാൾ** (കടമുള്ള ദിവസം)

11 ശനി : എക്ലേസിയ ക്വിസ്, മിഷൻ എലൈവ്: അതിരൂപതാതലമത്സരങ്ങൾ (സന്ദേശനിലയം)

12 ഞായർ : അൾത്താരബാലന്മാരുടെ മീറ്റിങ്

18 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

**ഫെബ്രുവരി**

08 ശനി, 09 ഞായർ : അൾത്താരബാലന്മാരുടെ ക്യാംപ്- **കെരുബിം 2025**

### മിഷൻ എലൈവ്-എക്ലേസിയ ക്വിസ് മത്സരങ്ങൾ

അതിരൂപതാതലത്തിലുള്ള എക്ലേസിയ ക്വിസ്, മിഷൻ എലൈവ് മത്സരങ്ങൾ സന്ദേശനിലയത്തിൽ **ജനുവരി 11** രാവിലെ ഒമ്പതിനു രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഗ്രൂപ്പൊന്നിന് 150 രൂപയാണ്. മിഷൻ എലൈവ്, എക്ലേസിയ ക്വിസ് മത്സരങ്ങൾ മേഖലാതലത്തിൽ നടത്തി ഒന്നാം

സ്ഥാനം ലഭിക്കുന്ന ടീമിന്റെ പേരുവിവരങ്ങൾ **ജനുവരി നാലിനുമുമ്പായി** അതിരൂപതാ ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മത്സരങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ മാർഗരേഖ 32–35 പേജുകളിൽ.

**ശാഖ-മേഖല-അതിരൂപതാതലതെരഞ്ഞെടുപ്പ്**

ഇലക്ഷൻ ബുള്ളറ്റിൻ അനുസരിച്ച് 2025–2027 പ്രവർത്തനവർഷത്തേക്കുള്ള ശാഖ–മേഖലാ ഓർഗനൈസേഴ്സിന്റെ ഇലക്ഷനും 2025–2026 പ്രവർത്തനവർഷത്തേക്കുള്ള കുട്ടികളുടെ ഭാരവാഹികളുടെ ഇലക്ഷനും നടത്തി Ecos Sandesൽ അപ്‌ലോഡ് ചെയ്യാൻ ശാഖാസമിതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ ലിസ്റ്റെഴുതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ശാഖാതലത്തിലുള്ള ഇലക്ഷൻ **ജനുവരി അഞ്ചിനുമുമ്പും** മേഖലാതലത്തിലുള്ള ഇലക്ഷൻ **ഫെബ്രുവരി രണ്ടിനുമുമ്പും** പൂർത്തിയാക്കി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

ഓർഗനൈസിങ് സമിതിയുടെ അതിരൂപതാതലത്തിലുള്ള ഇലക്ഷൻ **ഫെബ്രുവരി 22** നടത്തപ്പെടുന്നതാണ്.

**കെരുബിം 2025**

അൾത്താരബാലന്മാർക്കായുള്ള അതിരൂപതാതല ക്യാംപ് **ഫെബ്രുവരി 8, 9** തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഇതിലേക്ക് അയയ്ക്കേണ്ടത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് അവസരം ലഭിക്കുന്നത്. ഒരിടവകയിൽനിന്നും 2 ആൺകുട്ടികളെയാണു പരമാവധി പ്രതീക്ഷിക്കുന്നത്. അതിരൂപതാ ക്യാംപിൽ പങ്കെടുക്കുന്നവരിൽനിന്നും ധന്യൻ മാർ കുര്യാളശ്ശേരി അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതാണ്. ക്യാംപ് ഫീസ് 700 രൂപയാണ്. ഫെബ്രുവരി 8 രാവിലെ ഒമ്പതിന് ആരംഭിക്കുന്ന ക്യാംപ് ഫെബ്രുവരി 9 ഉച്ചകഴിഞ്ഞു മൂന്നിനു സമാപിക്കുന്നതാണ്. ക്യാംപിൽ പങ്കെടുക്കുന്നവരുടെ പക്കൽ ബഹു. വികാരി അച്ചന്റെ സാക്ഷ്യപത്രംകൂടി കൊടുത്തുവിടണമെന്ന് അഭ്യർഥിക്കുന്നു.

**ബൈബിൾ വേഴ്സ് ബോക്സ് നിർമാണമത്സരം**

2025ൽ ഈശോമ്ശിഹായുടെ ജനനത്തിന്റെ ജൂബിലിയാഘോഷിക്കുമ്പോൾ മനോഹരമായൊരു വചനപ്പെട്ടി (ബൈബിൾ വേഴ്സ് ബോക്സ്) നിർമിക്കാം. ആരാധനക്രമവത്സരകാലങ്ങൾക്കനുസരിച്ച് ഓരോ മാസവും അതിരൂപതയിൽനിന്നു നൽകുന്ന വിഷയത്തിനനുസരിച്ചുള്ള വചനം ബൈബിളിൽനിന്നു കണ്ടെത്തി സ്വന്തം കൈപ്പടയിൽ എഴുതി ബോക്സിൽ അടുക്കിവെക്കുക. ഇംഗ്ലിഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്. ജൂബിലിവർഷാവസാനത്തിൽ ഓരോ ഇടവകയിൽനിന്നും ഏറ്റവും നല്ല വചനപ്പെട്ടി അതിരൂപതയിൽ ഏല്പിക്കുക. അതിരൂപതയിൽനിന്നും സമ്മാനങ്ങൾ നൽകുന്നതാണ്. ബോക്സിൽ നൂറുവചനങ്ങളെങ്കിലും ഉണ്ടായിരിക്കണം. വചനപ്പെട്ടി സംബന്ധിച്ചു മറ്റുനിബന്ധനകളൊന്നുമില്ല. കഴിവിനനുസരിച്ചു മനോഹരമാക്കാവുന്നതാണ്.

### ജൂബിലിവർഷാചരണം

പ്രത്യാശയുടെ തീർഥാടകരെന്നനിലയിൽ മംഗളവാർത്ത-ദനഹാക്കാലങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

**1.** വിശ്വാസപരിശീലനക്ലാസ്സുകളുടെ ആരംഭത്തിലുള്ള പ്രാർഥനയിലും ക്ലാസ്സടിസ്ഥാനത്തിലുള്ള പ്രാർഥനയുടെ അവസരത്തിലും *ലോകം, സമൂഹം, കുടുംബം എന്നിവിടങ്ങളിലെ സമാധാനം* എന്നതു വിഷയമാക്കുക. കുട്ടികൾ അവ തയ്യാറാക്കി പ്രാർഥിക്കാൻ അവസരം നൽകുക.

**2.** ജീവന്റെ മൂല്യത്തെക്കുറിച്ച് അവബോധം നൽകുന്ന കാര്യങ്ങൾ വിശ്വാസപരിശീലകർ ക്ലാസ്സുകളിൽ പങ്കുവെക്കുക. സാധിക്കുന്നയിടങ്ങളിൽ അതിനു സഹായകമായ പ്രത്യേകക്ലാസ്സുകൾ സംഘടിപ്പിക്കുക, വീഡിയോകൾ പ്രദർശിപ്പിക്കുക.

**3.** കൂടുതലംഗങ്ങളുള്ള (കുട്ടികൾ) കുടുംബങ്ങളുടെ നന്മകളെക്കുറിച്ചു ചർച്ച ചെയ്യുക. ഇടവകയിലെ അത്തരം കുടുംബങ്ങളെ കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുക. അത്തരം കുടുംബങ്ങളുടെ പങ്കുവെക്കലുകൾക്കു ക്ലാസ്സ്/ സൺഡേസ്കൂൾതലങ്ങളിൽ അവസരം നൽകുക.

**4.** മംഗളവാർത്ത-ദനഹാക്കാലങ്ങളിൽ ബൈബിൾ വേഴ്സ് ബോക്സിൽ നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സമാധാനം, ജീവന്റെ മൂല്യം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള തിരുവചനഭാഗങ്ങളായിരിക്കണം.